Veterinary Dispensary.

335. [23] **Shri N. Parameswaran Pillai:** Will the Minister for Health be pleased to state:

(*a*) Is it a fact that the Veterinary Dispensary at Changanacherry is absolutely in adequate for the needs of the place;

(*b*) Will the Government raise it to a Veterinary Hospital?

Answer.

(*a*) No.

(*b*) This will also be considered when the question of opening new Veterinary hospitals is taken up.

ആസ്പത്രികൾ.

336. [26] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും ആസ്പത്രികൾ ഒന്നാംഗ്രേഡായി ഉയർത്തിയിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) കായംകുളം ആസ്പത്രി ഒന്നാംഗ്രേഡാക്കുന്നതിന് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(b) The four Dist. Hospitals, the Perurkada Hospital, S. A. T. Hospital, College Hospital, Women & Children Hospitals at Trivandrum, Alleppey, Quilon and Trichur.

(സി) കായംകുളം ആസ്പത്രി വിപുലമാക്കുന്നതിനാവശ്യമായ സ്ഥലം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനു വേണ്ട നടപടി നടത്തി വരികയാണ്.

UNSTARRED QUESTIONS POSTED FOR ANSWER ON 15-4-1955.

കോട്ടക്കൽ ആസ്പത്രി.

337. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ നിയോജകമണ്ഡലാതിർത്തിയിലുള്ള കോട്ടക്കൽ ആസ്പത്രിയുടെ ഇപ്പോഴത്തെ പ്രവർത്തനത്തെക്കുറിച്ച് ഗവണ്മെന്റിന് എന്തെങ്കിലും അറിവുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം ഇപ്പോൾ പ്രവർത്തനരഹിതമാണെങ്കിൽ അത് എന്നുമുതൽക്കാണെന്നും, അതിനുള്ള കാരണങ്ങളെന്തെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആസ്പത്രിയ്ക്കു വേണ്ട സ്ഥലവും, ഉപകരണങ്ങളും കെട്ടിടങ്ങളും ഗവണ്മെന്റിന് എന്ന് എങ്ങിനെ ലഭിച്ചു;

(ഡി) അവയ്ക്ക് മൊത്തം എന്തു വിലവരും;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത സ്ഥലത്തു വീണ്ടും ആശുപത്രി പ്രവർത്തനം ആരംഭിക്കണമെന്നുകാണിച്ച് എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(എഫ്) ആ സ്ഥാപനം പുനരാരംഭിക്കുവാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം.

(എ) ഇല്ല.

(ബി) കോട്ടക്കൽ ഉണ്ടായിരുന്ന ടെമ്പററി ഡിസ്പെൻസറി 1952 മാർച്ച് അവസാനത്തിൽ നിറുത്തൽചെയ്തു. രോഗികൾ തീരെ കുറവായതിനാലാണ് നിറുത്തിയതു്.

(സി) ആ നാട്ടുകാർ തന്നെ കെട്ടിടത്തിലായിരുന്നു അന്നു് ആ ഡിസ്പെൻസറി നടത്തിയിരുന്നതു്.

(ഡി) അതിൻെറ വില കണക്കാക്കിയിട്ടില്ല.

(ഇ) ഇപ്പോൾ ഒന്നും കിട്ടിയിട്ടില്ല.

(എഫ്) മെഡിക്കൽ എയിഡ് റാഷനലൈസ്സ് ചെയ്യുന്നതിനു ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിററിയുടെ റിപ്പോർട്ടു മൂന്നു മാസത്തിനകം കിട്ടും. അതനുസരിച്ച് വേണ്ട നടപടി സ്വീകരിക്കും.

കാളനി.

338. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ ആകെ എത്ര കാളനി അപേക്ഷിച്ചിട്ടുണ്ടു്;

(ബി) ഓരോ ഡിസ്ട്രിക്ടിലും എത്രവീതം;

(സി) എവിടെയെല്ലാം;

(ഡി) അപേക്ഷിക്കുവേണ്ടി വളരെ കാലതാമസം വന്നതിൻെറ കാരണം വ്യക്തമാക്കാമോ?

ഉത്തരം.

(എ) ആകെ 14.

(ബി) തിരുവനന്തപുരം 5. കോട്ടയം 3. തൃശ്ശൂർ 6.

(സി) കോട്ടുകാൽ, പള്ളിച്ചൽ, ആറാട്ടുപുഴ, കടകംപള്ളി, കൽക്കുളം, ഏറ്റുമാനൂർ, വിജയപുരം, മാടപ്പള്ളി, വെളുത്തൂർ, ഇടകുളത്തൂർ, നടത്തറ, ഇടപ്പള്ളി തെക്കുംഭാഗം, പുമംഗലം, നടമുറ്റം.

(ഡി) സ്ഥലം തിരഞ്ഞെടുക്കുന്നതിലും, അതിൻെറ വില നിശ്ചയിക്കുന്നതിലും, അതിന്മേൽ ഉടമസ്ഥന്മാരുടെ തർക്കങ്ങൾ വിചാരണ നടത്തി തീരുമാനിക്കുന്നതിലും, ഡിക്ലറേഷൻ അവാർഡ് സ്റ്റേറ്റുമെൻറ് ഇവ പ്രസിദ്ധപ്പെടുത്തുന്നതിനും, മറ്റും വേണ്ടിവരുന്ന സമയംമൂലമാണ് കാലതാമസമുണ്ടാകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly